പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3077 07.11.2019 ൽ മറുപടിയ്ക്ക്

<u>പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അദാലത്ത്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ എൻ. ഷംസുദീൻ | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |
| (എ) പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ നടത്തുന്ന അദാലത്തിൽ 2019 സെപ്റ്റംബർ മാസം വരെ എത്ര ഫയലുകൾ തീർപ്പാക്കി എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; ഇതിൽ നിയമന അപ്പീലുകൾ സംബന്ധിച്ച എത്ര ഫയലുകൾ തീർപ്പാക്കി;ഇനി എത്ര എണ്ണം തീർപ്പാക്കാനുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (എ) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ അദാലത്തുകളിലൂടെ 5772 പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുകയുണ്ടായി. ഇതിൽ 862 എണ്ണം നിയമനാംഗീകാരം സംബന്ധിച്ച അപ്പീൽ ഫയലുകളാണ്. ഇനി 917 അപ്പീൽ ഫയലുകൾ അവശേഷിക്കുന്നു. ഇതിൽ ഏറിയ പങ്കും ബഹു. കോടതികളിൽ നിന്നും അന്തിമ ഉത്തരവിനായി കാത്തിരിക്കുന്നവയാണ്.<br>ജില്ലാതലത്തിൽ നടത്തിയ അദാലത്തുകളിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി തീർപ്പാക്കിയ 41507 ഫയലുകളിൽ 924 എണ്ണം എയ്ഡഡ് നിയമന അപ്പീൽ ഫയലുകൾ ആണ്. ഈ വിഷയത്തിൽ ഇനി 788 അപ്പീലുകൾ അവശേഷിക്കുന്നു. |
| (ബി) നിയമനം സംബന്ധിച്ച അപ്പീലുകൾ തീർപ്പാക്കിയതിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 862 അപ്പീൽ ഫയലുകളും 14 ഉപഡയറക്ടറേറ്റുകളിലായി 924 അപ്പീൽ ഫയലുകളും ഇതിനകം തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ഇവയിൽ നിയമനാംഗീകാരം നല്കിയവ, നിരസിച്ചവ എന്ന രീതിയിൽ കണക്കെടുപ്പ് നടത്തിയിട്ടില്ലാത്തതിനാൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന കാര്യം പരിശോധിച്ചിട്ടില്ല. തസ്തിക ലഭ്യമായ എല്ലാ സ്കൂളുകളിലും നിയമനം ലഭിച്ചവർക്ക് അംഗീകാരം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ